# ലോകമലയാളം മാസികയ്ക്കു വേണ്ടി

**1. പാട്ട്**

നെടുമങ്ങാട് ഉഴമലയ്ക്കൽ പുലിയൂർഗ്രാമത്തിലെ എന്റെ കുട്ടിക്കാലം. നെല്ലോലകളും തെങ്ങോലകളും പാട്ടുപാടുന്ന ഗ്രാമം. അവ്യക്തമായ രീതിയിലുള്ള ചിന്തകളുണർത്തിയിരുന്ന പ്രകൃതിയുടെ ഗാനസമൃദ്ധിയിൽ വേറിട്ടുകേട്ട ഗാനങ്ങൾ റേഡിയോയിലൂടെ പാടം നീന്തിവന്നു. ആയിരം പാദസരങ്ങൾ കിലുങ്ങി, ആരും കാണാതെ ആലിംഗനങ്ങളിൽ മുഴുകുന്ന പുഴയെക്കുറിച്ചുള്ള ഗാനം. അന്നു നല്ല ഒഴുക്കുണ്ടായിരുന്ന പുലിയൂർ ചിറ്റാറിൽ നീന്തിക്കുളിച്ചുകയറിയ സന്ധ്യകളിൽ ഈ ഗാനം എന്റെ ഹൃദയത്തിൽ ചേക്കേറി. ഇന്നും ആ കൂട്ടിലിരുന്ന് ഈ ഗാനപ്പക്ഷി എന്നെ ചിറകടിച്ചുണർത്തുന്നു. എല്ലാ പുഴയും ഒന്നായിത്തീരുന്നതിന്റെ ഭാവസുഖം അങ്ങനെ പകർന്നുകിട്ടി.

ഓണക്കാലത്ത് ചാണകം മെഴുകിയ വിശാലമായ മുറ്റത്ത് വയൽ കൊയ്തടുക്കിയവയ്ക്കുന്ന കറ്റകൾ രാത്രിയിൽ സ്ത്രീകൾ വട്ടംചുറ്റിനിന്നു നീളമുള്ള മുളങ്കോലുകൾ കൊണ്ടടിച്ചു മെതിക്കും. ഒന്നാംവട്ടം മെതിച്ചടുക്കിയപ്പോഴും പോകാതെ തണ്ടിൽ പറ്റിപ്പിടിച്ചിരിക്കുന്ന നെണ്മണികൾ സ്വർണ്ണമുത്തുകൾ പോലെ മുറ്റമെമ്പാടും ചിതറിത്തെറിക്കും. കണ്ണിൽ നെന്മണി തുളച്ചുകയറുമെന്നു പേടിച്ച് അപ്പോഴെല്ലാം അമ്മ ഞങ്ങളെ മുറിയിലടച്ചിടും. കറ്റയടിച്ചു കൊഴിക്കുന്ന പെണ്ണുങ്ങൾ താളത്തിൽ പാടുന്ന പാട്ടിന്റെ ലഹരിയിൽ വലഞ്ഞ് ഞങ്ങൾ മുറി തുറക്കാൻ വേണ്ടി കാത്തിരിക്കും. രാത്രിയിൽ അടിച്ചുവിരിച്ചിട്ട വൈക്കോൽമെത്തയിൽ കുത്തിമറിഞ്ഞ് മാനംനോക്കിക്കിടക്കുമ്പോൾ മറ്റൊരു ഗാനം ഒഴുകിവന്നു. പതിന്നാലാംരാവുദിച്ചതു മാനത്തോ കല്ലായിക്കടവത്തോ എന്ന ചോദ്യത്തിന് അന്ന് ഉത്തരമുണ്ടായിരുന്നില്ല. ഒരുപാട് ഉത്തരങ്ങൾ കണ്ടെത്താൻ കൊതിപ്പിച്ച എത്രയോ ഗാനങ്ങൾ പിന്നീട് എന്റെ മനസ്സിലേക്കൊഴുകിവന്നു.

ഭജനപ്പാട്ടുകളുടെ മണ്ഡലവ്രതക്കാലവും എല്ലാ ഞായറാഴ്ചയും കിളിപറത്തിമലയിലെ പെന്തക്കോസ്ത് പള്ളിയിൽനിന്നും നൂറുകണക്കിനാളുകൾ ബാന്റടിച്ചു പാടുന്ന പാട്ടുകളും ‘എന്തതിശയമേ ദൈവത്തിൻ സ്തോത്രം എത്ര മനോഹരമേ’ എന്ന സുന്ദരമായൊരു സങ്കല്പം തന്നു. ഒപ്പം ചിട്ടയിൽ തുടരുന്ന ബാന്റടിയുടെ താളവും. ഏകനും പരമകാരുണികനുമായ ‘അള്ളാഹു’വിന്റെ തിരുവരുളുകൾ മുഴങ്ങുന്ന ബാങ്കുവിളി പലവട്ടം കുരിയാത്തി മുസ്ലീംപള്ളിയിൽനിന്നും വന്നെത്തി. ആയിരവില്ലിക്കളത്തിലും വെളിയന്നൂർ ‘വീട്ടിണ്ട്രാത്തും’ ഉയർന്നു മുഴങ്ങിയ ചാറ്റുപാട്ടിന്റെ രാത്രികൾ ഉൾവനങ്ങളിലെ ഈണവും താളവും മനസ്സിൽ നിറച്ചു. സൂര്യനൊന്നണഞ്ഞുകിട്ടിയാലുടനെ തുടങ്ങുന്ന തവളപ്പാട്ടിന്റെ ഇടയ്ക്ക് രാപ്പക്ഷികൾ പലതും സാധകം ചെയ്യുന്നതിന്റെ തീവ്രാനുഭവം പകർന്നുതന്ന പ്രകൃതിയുടെ പാട്ടുകൾ! നക്ഷത്രങ്ങളിൽനിന്നും പെയ്തിറങ്ങിയ പാട്ടുകൾ! വാറ്റുചാരായം കുടിച്ചു മത്തുപിടിച്ച ‘മന്നവൻ വലിയമ്മ’ പാടിയ നാടൻപാട്ടുകൾ.

അങ്ങനെ ഒരുപാടൊരുപാട് പാട്ടുകളുടെ വസന്തഋതുവിലാണ് ഞാനും ജനിച്ചു വളർന്നത്. പുതിയ തലമുറയുടെ ‘കൊലവെറി, കൊലവെറി’ പാട്ടുകളും എനിക്ക് അങ്ങേയറ്റം ഹൃദ്യങ്ങളാണ്. പാട്ടിന്റെ രൂപത്തിലെല്ലാം സുന്ദരങ്ങളായിത്തീരുന്നു. പാട്ടിന്റെ വൈവിധ്യങ്ങൾ അനുഭവിപ്പിക്കുന്ന പുലിയൂർഗ്രാമത്തിൽനിന്നു കിട്ടിയ ശിക്ഷണം എന്നെ പുതിയ പാട്ടുകളുടെയും ആരാധകനാക്കുന്നു. ഒരു മുൻവിധിയു

മില്ലാതെ നമ്മൾ ഗാനങ്ങൾ ആസ്വദിക്കണം.

അനിത്യമായ ജീവിതമുഹൂർത്തങ്ങളെ നിത്യസത്യമാക്കിത്തീർക്കുകയാണ് ഓരോ ഗാനവും. കേൾക്കുന്നവരെല്ലാം ഒരു പുഴയിൽ കുളിക്കുന്നതുപോലെ, ഒരേ മഴ നനയുന്നതുപോലെ ഒന്നായിത്തീരുന്നു. സാമൂഹ്യജീവിതത്തിലേക്കുള്ള വരവും വളർച്ചയുമെല്ലാം അതിൽ തങ്ങിനില്ക്കുന്നു.

ഏഴാമത്തെ വയസ്സിൽ 'ആരോമലുണ്ണി' എന്ന നസീർ-ജയഭാരതി സിനിമയിൽ ഗാനങ്ങൾ ദൃശ്യങ്ങളായി പൂത്തുവിടർന്നു. ആദ്യത്തെ സിനിമാനുഭവം. അതുവരെ പല കാലങ്ങളിൽ കണ്ടതും കേട്ടതും അനുഭവിച്ചതുമെല്ലാം ആ കടത്തനാടൻകഥയിൽ അന്ന് ഒന്നിച്ചനുഭവിച്ചു. സിനിമ ജനകോടികളുടെ ഹരമായി വളർന്നു. ഇന്ദ്രിയങ്ങളെ കൊരുത്തുകെട്ടാനുള്ള വിരുത് ഓരോ പാട്ടിനും കൈവന്നു. നാടിന്റെ നിധികളായ ഗാനങ്ങളുടെ വെളിച്ചം കെട്ടുപോവാതെ ഇന്നും നിലനില്ക്കുന്നു. ഭാഷയുടെയും ആശയങ്ങളുടെയും ചടുലതയാണ് ഗാനങ്ങളെ എന്നും കാലാതിവർത്തിയാക്കുന്നത്. ശോകഗാനങ്ങൾക്കും ശോകത്തിന്റേതായ ഒരു ചടുലതയുണ്ട്. ധീരമായ പോരാട്ടങ്ങൾക്ക് മുൻബലവും പിൻബലവുമേകിയ ധാരാളം പടപ്പാട്ടുകളും നമുക്കുണ്ട്. നിരന്തരം പുതിയ പൂക്കൾ വിരിയുന്ന പാട്ടിന്റെ പൂവനത്തിനുള്ളിൽ നമ്മളിരിക്കുമ്പോൾ കൊല്ലും കൊലയുമില്ല. അധിനിവേശങ്ങളില്ല. എല്ലാ അധിനിവേശത്തിനും എതിരായി നിന്ന് എല്ലാം എല്ലാവരുടേതുമാണെന്നുള്ള മഹാസന്ദേശം നല്കുന്നതാണ് ഓരോ ഗാനവും. മാതൃഭൂമിയും മാതൃഭാഷയുമെല്ലാം ആ ഒരുമയുടെ സൂക്ഷ്മാനുഭവങ്ങൾ മാത്രം. ആ മഹാശൃംഖലയിലെ ഓരോ കണ്ണികൾ മാത്രം.

പ്രകൃതിയെയും മനുഷ്യനെയും പലരീതിയിൽ വ്യാഖ്യാനിക്കുന്ന പാട്ടിന്റെ പാലാഴി ഇന്നും ഇരമ്പിയാർക്കുകയാണ്. നമ്മളെല്ലാവരും അവരവരുടെ പാട്ടുകൾ ഉച്ചത്തിൽ പാടണം. ശബ്ദത്തെ അനന്തമാർഗ്ഗങ്ങളിലൂടെ വിനിമയം ചെയ്യാൻ കഴിയുന്ന ഇന്നത്തെ സാഹചര്യം നമ്മൾ വേണ്ടുവോളം പ്രയോജനപ്പെടുത്തണം. എണ്ണൂറുകോടിപ്പേരും ഇനി വരുന്ന ജനകോടികളും ഒറ്റശബ്ദത്തിൽ ഒരേ സമയം പാടുന്ന ഒരു പാട്ട് നമുക്കു വേണം. ഒരിക്കൽ ഏതെങ്കിലുമൊരു പാട്ടിലൂടെ എല്ലാ മനുഷ്യരും ആ പാട്ട് ഒന്നിച്ച് പാടും. അതാണെന്റെ സ്വപ്നം.

**2. പ്രണയം**

ചിന്തിക്കുന്നില്ലെങ്കിൽ അല്ലെങ്കിൽ, സങ്കല്പിക്കുന്നില്ലെങ്കിൽ 'കാമ'മില്ലെന്നു പറയാമെങ്കിലും ചിന്തകൾക്കും സങ്കല്പങ്ങൾക്കും മുൻപേ പ്രണയമുണ്ടെന്നു പറയാനാണെനിക്കിഷ്ടം. പ്രണയപരവശരായവർ പടുത്തുയർത്തിയതാണ് ഈ ലോകം. അനന്തകോടി ജീവജാലങ്ങൾ അഭിരമിക്കുന്ന പ്രണയം എന്തുകൊണ്ടും സ്തുതിക്കപ്പെടേണ്ട വികാരമാണ്.

പ്രണയം മൂർത്തരൂപത്തിലാവുമ്പോൾ അതിനൊരു തുടക്കവും ഒടുക്കവും സ്വാഭാവികമായുണ്ടാവും. മഞ്ഞുതുള്ളിയിൽ ചുരുങ്ങിപ്പോകുന്ന ചന്ദ്രദിവാകരന്മാരായിപ്പോകുന്നു ഭൂമിയിലെ കാമുകീകാമുകന്മാർ പലപ്പോഴും. ഒരു പക്ഷേ, മാസ്മരമായ ഭാവനാമേഖലകളൊക്കെയും ഇങ്ങനെതന്നെയായിരിക്കാം. അനുഭവത്തിൽ ചുരുങ്ങിപ്പോവും! രണ്ടു ധ്രുവങ്ങളിലിരുന്നാലും പരസ്പരം പ്രണയബദ്ധരായിരിക്കുന്ന ഭാവതലം വളരെ ഉയർന്നതാണ്. ആ സാഹസികയാത്രയിൽ പ്രാണവായു നമ്മൾ പ്രത്യേകം കരുതിവയ്ക്കണം. പ്രണയത്തെ ഒരു പുണ്യവികാരവും നിത്യവിസ്മയവുമായി കണ്ട

വരാണ് പൂർവ്വികന്മാർ. അതുകൊണ്ട് അതിനെ നിഷ്കരുണം തള്ളിപ്പറയുന്നതു സൂക്ഷിച്ചുവേണം.

പ്രണയമെന്ന മഹാപർവ്വതയാത്രയ്ക്കിടയിൽ വഴിതെറ്റിവന്നവർ അപ്രതീക്ഷിതമായ പല ഗുഹാമുഖങ്ങളിലും പതറിപ്പോയേക്കാം. പ്രണയത്തിന്റെ ലോകത്ത് ഒരു വഴിയും തെറ്റുന്നില്ലെന്നതാണു സത്യം. എങ്കിലും കൂടുതൽ ശരിയായ പ്രണയമാർഗ്ഗങ്ങളുണ്ട്.

ഹൃദയവികാരങ്ങളെ സത്യസന്ധമായി വാക്കുകളിലൂടെ ആവിഷ്കരിക്കാൻ പ്രണയം പ്രണയികളെ പ്രാപ്തരാക്കുന്നു. ലോകംതന്നെ പ്രണയത്തിന്റെ പ്രാണവായുവിൽ ജീവിക്കുകയാണോ? എന്നുള്ള ചോദ്യങ്ങളെല്ലാം വലിയ ചോദ്യങ്ങളാണ്. ഓക്സിജനില്ലെങ്കിൽ ജന്തുകുലം നശിച്ചുപോവും. അതുപോലെതന്നെയല്ലേ പ്രണയവും? ഈ ഭൂലോകം പ്രണയശൂന്യമായിത്തീർന്നാൽ കാലാന്തരത്തിൽ ജീവനാശത്തിന്റെ നിശ്ശൂന്യത ഇവിടെ വ്യാപിക്കും. പ്രകൃതിക്ക് സ്വയം കൈവന്നിരിക്കുന്ന സത്യത്തിന്റെ വിളംബരംകൂടിയാണ് 'പ്രണയവികാരത്തിൽ' മുഴങ്ങിക്കേൾക്കുന്നത്.

പ്രണയകാലം വ്യക്തികൾക്ക് ഒരു ഗ്രഹണകാലംകൂടിയാണ്. സ്വപ്നങ്ങളുടെ സൂര്യൻ സത്യത്തിന്റെ ചന്ദ്രനെ മറയ്ക്കുന്ന കാലം. ഒരേസമയം പ്രണയം വലിയൊരു പൂർണതയുടെ ഭാഗവും സ്വയം പൂർണവുമാവുന്നു. പ്രണയം ധ്യാനിച്ചുണർത്തേണ്ടതുകൂടിയാണ്. പ്രണയഭൂമിയിൽ നിറപ്പകർച്ച സ്വാഭാവികമാണ്. എല്ലാ നിറഭേദങ്ങളും ഒന്നായിച്ചൊരിയുന്ന വെളിച്ചമാണ് പ്രണയത്തിന്റെ വെളിച്ചം. പാർവ്വതീപരമേശ്വരപ്രണയം പ്രണയത്തെക്കുറിച്ചുള്ള അനാദിയായ വികാരങ്ങൾ നമ്മളിലുളവാക്കുന്നു. പ്രണയം ചിലർക്കൊരു ശീലമായിത്തീരുന്നു. നിങ്ങൾ പ്രണയിക്കുക എന്ന തൊഴിലാണ് ചെയ്യുന്നതെങ്കിൽ മറ്റൊരു തൊഴിലും നിങ്ങൾ ചെയ്യുകയില്ലെന്ന വചനം വാസ്തവത്തിന്റെ വചനമായി വ്യാഖ്യാനിക്കപ്പെടുന്നു. ഉപേക്ഷിച്ചാൽ ഉപദ്രവിക്കാത്തതും അപേക്ഷിച്ചാൽ അനുഭൂതി തരുന്നതുമായ പ്രണയം വലിയൊരു ചിന്താവിഷയംകൂടിയാണ്. വാദപ്രതിവാദങ്ങൾ സ്വാഭാവികംമാത്രം.

പുഷ്പത്തെ ഇലകൾ പലപ്പോഴും താങ്ങിനിർത്തുന്നതുപോലെ പ്രണയത്തെ താങ്ങിനിർത്തുന്നതു പരസ്പരമുള്ള പരിഗണനയാണ്. ഇണ പിരിയാത്ത പ്രണയികൾ അറിയാതെ പറയുന്ന കുത്തുവാക്കിൽ വേദനിച്ച് പിരിയുക മാത്രമല്ല, പരമശത്രുക്കളായി മാറുന്നു. ലൗകികജീവിതം നയിക്കുന്നവരുടെ കാര്യമാണ് ഞാൻ പറയുന്നത്. കൊല്ലും കൊലയും പ്രണയലോകത്തുമുണ്ട്. അകൽച്ചയും അവിഹിതവുമുണ്ട്. എന്നാൽ അതൊന്നും യഥാർഥപ്രണയമല്ലെന്നു പറയേണ്ടിവരും. വ്യക്തികളെ തളർത്തുന്നതു മാത്രമല്ല, പ്രണയത്തെ തന്നെ പലപ്പോഴും അതതു രൂപത്തിൽ പലരും കൊന്നുകളയുന്നു.

പ്രണയം വിഷയമാക്കി ഞാൻ ഇതുവരെ അറുപത്തിനാലു കവിതകളെഴുതിയിട്ടുണ്ട്. എന്നിട്ടും ഇപ്പോഴും പ്രണയമെന്താണെന്നെനിക്കറിയില്ല. വിരസതയില്ലാത്തതാണു പ്രണയവും സൗന്ദര്യവും. സമാനതാല്പര്യങ്ങൾ മാത്രമല്ല വിരുദ്ധതാല്പര്യങ്ങളും പ്രണയലോകത്തു വിജയിച്ചുകാണുന്നുണ്ട്. ജന്തുകുലത്തിന്റെ പരിണാമയാത്രയിലെ മുന്തിയൊരു ഭാവോല്പന്നമാണ് പ്രണയം. തലമുറകളിലൂടെ പല അനുഭവപരീക്ഷണങ്ങളിലൂടെ, പകർന്നുകിട്ടിയ ഒരു പ്രണയവിജ്ഞാനം നമുക്കുണ്ട്. ശരീരികളല്ലാത്തവർക്കും പ്രണയമുണ്ടോ? അങ്ങനെ വ്യാഖ്യാനിക്കാമെന്നല്ലാതെ സത്യമായിട്ടുമുണ്ടോ? നിരവധി ചോദ്യോത്തരങ്ങളുടെ ലോകം കൂടി പ്രണയം സൃഷ്ടിക്കു

ന്നുണ്ട്. മാംസനിബദ്ധമല്ലാത്ത പ്രണയമാണ് സമൂഹത്തെ സമാധാനത്തിൽ നില നിർത്തുന്നത്. സ്നേഹമെന്നും വേണമെങ്കിൽ അതിനെ നമുക്കു വിളിക്കാം.

ദമ്പതികളിൽ പ്രവർത്തിക്കുന്ന സൃഷ്ടിപ്രണയം, പിന്നീട് മാംസനിബദ്ധമല്ലാത്ത മറ്റൊരു തലത്തിൽ കരുതലും കർമ്മവുമായി വളരുന്നു. ഇളംതലമുറകളോടുള്ള വാത്സല്യമായി അതു പരാവർത്തനം ചെയ്യപ്പെടുന്നു. പുതിയ കാലത്തും പ്രണയം അതിജീവിക്കുന്നതിന്റെ സാക്ഷിപത്രത്തിൽ ഓരോ പ്രണയിയും തുല്യം ചാർത്തുകയാണ്. പ്രണയത്തെ പലരീതിയിലും അനുഭവിപ്പിക്കുന്നതിൽനിന്ന് ആരെയും പ്രകൃതി ഒഴിവാക്കുന്നില്ല. ഏതു മഹാദുരന്തകാലത്തും പ്രണയത്തിന്റെ പൂമ്പാറ്റയും പരുന്തുമുണ്ടാവും. പ്രണയത്തിന്റെ ലോകത്ത് താക്കീതുകളില്ല.

**3. വീഞ്ഞ്**

'വീഞ്ഞ്' എന്ന വാക്കുതന്നെ അതിന്റെ ദുരുപയോഗത്തെ ഓർമ്മിപ്പിക്കുന്നു. അഗ്നിബലമനുസരിച്ചും നിശ്ചിതമായ മാത്രകളിലൂടെയും മാത്രം ഉപയോഗിക്കേണ്ടതാണ് വീഞ്ഞ്. മുന്തിരിനീരായതിനാൽ കുറഞ്ഞ അളവിൽ ധാതുപുഷ്ടിക്കു നല്ലതാണ്. ഒരു ആയുർവേദകുടുംബത്തിലാണെന്റെ ജനനം. ആൾക്കഹോൾ ഔഷധരൂപത്തിൽ നല്കാൻ അരിഷ്ടാസവങ്ങൾ പ്രയോജനപ്പെടുന്നു. അവയൊന്നും വലിയൊരളവിൽ കഴിക്കാൻ ആർക്കും കഴിയില്ല. അങ്ങാടിമരുന്നുകളുടെ സാന്ദ്രതയേറിയ സാന്നിധ്യം പെട്ടെന്ന് ചെടിപ്പുളവാക്കുന്നു. ആവശ്യമായൊരളവ് 'ചാരായം' അരിഷ്ടാസവങ്ങളിൽ ഫെർമന്റേഷനിലൂടെ താനേ ഉണ്ടാവുന്നതാണ്. എങ്കിലും ഏതെങ്കിലും അരിഷ്ടം എല്ലാ ദിവസവും വെറുതെ കഴിക്കാൻ ആരും പറയുന്നില്ല. എന്നാൽ എന്നും കഴിക്കേണ്ടുന്ന രസായനങ്ങൾ നമുക്കുണ്ട്. ച്യവനപ്രാശം ഏറ്റവും നല്ല ഉദാഹരണമാണ്. ഇതർത്ഥമാക്കുന്നത്, ചെറിയ തോതിലാണെങ്കിലും സ്ഥിരമായ മദ്യത്തിന്റെ ഉപയോഗം പലരിലും കരൾരോഗമുൾപ്പെടെ പല രോഗവുമുണ്ടാക്കാമെന്നാണ്. മൂക്കു പിഴിഞ്ഞാൽ ചാരായം വീഴുന്ന രീതിയിൽ രാപകൽ കുടിച്ചുകൂത്താടിയവർ എൺപതുവയസ്സുകഴിഞ്ഞിട്ടും ആരോഗ്യത്തോടെ ജീവിക്കുന്നതും നമ്മൾ കണ്ടിട്ടുണ്ട്.

ചായ കുടിക്കുന്നതുപോലെ സാഹചര്യവശാൽ പലരും മദ്യം ഉപയോഗിക്കാൻ പ്രേരിതരാവുന്നു. പിന്നീടതൊരു ശീലമാവുന്നു. ചിലരിൽ അത് 'അഡിക്ഷനായി' മാറുന്നു. അവർ ഒരേസമയം മദ്യത്തെ വാഴ്ത്തിയും നിന്ദിച്ചും പറയുന്നു. 'ദേവാലയത്തിലല്ല, എന്നെ മദ്യശാലയിൽ കൊണ്ടിരുത്തൂ' എന്ന് ഒമർഖയ്യാം പറഞ്ഞു. "വരികയേ ഹൃദ്യമേ, മദ്യമേ നീ" എന്നു സ്തുതിച്ചും "ചാരായക്കടയാണ് ലോകം" എന്നു നിന്ദിച്ചും ചങ്ങമ്പുഴ പാടിയിട്ടുണ്ട്. മദ്യത്തെക്കാളും നല്ലതായിക്കണ്ടിട്ടുള്ളത് പരിശുദ്ധമായ കള്ളാണ്. വയറുനിറച്ചും കഴിച്ചാലേ വലിയ ലഹരി കിട്ടൂ. പൊൻകുന്നം വർക്കിയും തകഴിയും മറ്റും കൂടുതൽ കുടിച്ചത് കള്ളായിരുന്നല്ലോ. ആൾക്കഹോളിനോടൊപ്പം ധാതുലവണങ്ങളും മറ്റു പോഷകങ്ങളും അതിൽ അടങ്ങിയിരിക്കുന്നു. പൊൻകുന്നം വർക്കി പതിവായി ചേനയും കഴിച്ചിരുന്നു. കള്ളും ചേനയും തമ്മിലുള്ള പൊരുത്തത്തെക്കുറിച്ച് പലർക്കും പഠിക്കാവുന്നതാണ്.

ഒരുപാട് മദ്യം കഴിക്കുന്നത് ഒരു അഴിമതിയും ക്രിമിനൽകുറ്റവുമാണ്. മദാത്യയം അതായത് ചാരായത്തിന്റെ ദുരുപയോഗം കൊണ്ടുണ്ടാകുന്ന രോഗം വീണ്ടുവിചാരമില്ലാതാക്കുന്നു. കുറ്റവാളികളിൽ കൂടുതലും മദ്യപാനികളാണെങ്കിലും മദ്യം കഴിച്ചതുകൊണ്ടു മാത്രമാണവർ കുറ്റവാളികളായതെന്നു പറയാൻ കഴിയില്ല. പുരുഷവർഗ്ഗ

ത്തിന്റെ കുത്തകയാണ് മദ്യവർഗം. സ്ത്രീകൾ കഴിക്കാറുണ്ടെങ്കിലും മദ്യപാനം അങ്ങനെയല്ല പുരുഷന്മാരിൽ കണ്ടുവരുന്നത്. പരമ്പരാഗതമായിത്തന്നെ വ്യാപകമായിട്ട് ഉപയോഗിക്കപ്പെടുന്നതിനാൽ ഓരോ രാജ്യത്തും കണ്ടുപിടിക്കപ്പെട്ട മദ്യം വലിയൊരു ചരിത്രത്തിന്റെ പങ്കും കൂടി സ്വയം വഹിക്കുന്നു.

ബുദ്ധനോ സോക്രട്ടീസോ ക്രിസ്തുവോ നബിയോ നാനാക്കോ നാരായണഗുരുവോ ഗാന്ധിജിയോ അരും മദ്യത്തെ ശുപാർശ ചെയ്തിട്ടില്ല. എന്നു മാത്രമല്ല എതിർത്തുപറഞ്ഞിട്ടുമുണ്ട്. ജനസമൂഹത്തിൽ പലരും അടിമകളും ക്രൂരന്മാരുമൊക്കെയാകുന്നതിന്റെ വലിയൊരു പ്രേരണ മദ്യമാണ് നല്കുന്നതെന്ന സത്യം അവർ നേരിൽക്കണ്ടു മനസ്സിലാക്കിയതാണ്. മദ്യപാനംകൊണ്ടുണ്ടാവുന്നതുപോലുള്ള പല മാനസികാവസ്ഥകളെയും അവർ ഒഴിവാക്കാൻ പറഞ്ഞു. ജന്മനാലും സാഹചര്യവശാലുമുള്ള ഛിദ്രവാസനകൾ മദ്യത്തിന്റെ ദുരുപയോഗത്താൽ വർദ്ധിക്കുന്നു. വികാരം വിചാരത്തെ കീഴടക്കുന്നു. വീണ്ടുവിചാരംകൊണ്ടു മാത്രം ഒഴിവാക്കപ്പെടുന്ന അക്രമങ്ങൾ ഒരു മദ്യപാനി ചെയ്യാൻ സാധ്യത കൂടുതലാണ്. ചില വ്യക്തികൾക്കല്ലാതെ ഒരു സമൂഹത്തിലാകമാനം അനുവദിക്കാവുന്നതല്ല മദ്യം. പെൻസിലിൻ ഇഞ്ചക്ഷൻ ചിലരിൽ മാരകമായ അലർജി ഉണ്ടാക്കുന്നതുപോലെ മദ്യപാനവും ചിലരിൽ ദോഷമുണ്ടാക്കും.

ഇതുവരെപ്പറഞ്ഞത് മദ്യമെന്ന ദ്രവ്യത്തെക്കുറിച്ചാണ്. എന്നാൽ ലഹരി എന്ന അർത്ഥത്തിൽ മദ്യത്തിന് ഒരുപാട് വ്യാപാരമേഖലകളുണ്ട്. ഉജ്ജ്വലമായ പല ജീവിതവ്യാഖ്യാനത്തിനും മദ്യം കാരണമായിട്ടുണ്ട്. മഹാദുരന്തകഥാപാത്രങ്ങൾ പലരും ഭൂമിയിൽ ജീവിക്കുന്നത് മദ്യത്തിന്റെ ദുരുപയോഗം നിമിത്തമാണ്. മനസ്സമാധാനത്തിനുവേണ്ടി ഒഴിവാക്കേണ്ട അഷ്ടരാഗങ്ങളിൽ ഒന്നിന്റെ പേര് 'മദം' എന്നാണല്ലോ. ഒരർത്ഥത്തിൽ മനസ്സിനുണ്ടാവുന്ന അമിതമായ ലഹരിയാണ് 'മദം'. പണവും പദവിയും ഒരാളെ മദമുള്ളവനാക്കുന്നു. മദ്യപാനിക്ക് ഇതൊന്നും ഇല്ലെങ്കിലും മദമുണ്ടാവും.

നാടിനു പല രംഗങ്ങളിലും മുന്തിയ സംഭാവനകൾ ചെയ്തവരിൽ 99 ശതമാനവും മദ്യപാനികളല്ല. അതുകൊണ്ടുതന്നെ മദ്യം ഒരു തീർത്ഥമല്ല. പണിയെടുത്തു തളർന്നവർക്കും കലാകാരന്മാർക്കും വേണ്ടിയുള്ളതാണ് മദ്യം. തളർന്നവർക്ക് ഊർജ്ജം നല്കുകയും കലാകാരന്മാർക്ക് അനുഭൂതി വർദ്ധിപ്പിക്കുകയും ചെയ്യും.

മദ്യം മരുന്നുപോലെ മാത്രമേ ഉപയോഗിക്കാവൂ. കൂടുതൽപേരും എന്നാൽ അങ്ങനെയല്ല. അതിലൊരുവനാണു ഞാനും. സദാ മദ്യപാനിയല്ലെങ്കിലും മദ്യം കഴിക്കുമ്പോഴെല്ലാം കൂടുതൽ കഴിക്കാൻ കൊതിയാവും. ആദ്യം ഉണർവ്വുണ്ടാക്കുമെങ്കിലും ഒരു ശീലമായാൽ പിന്നെ അങ്ങനെയല്ല. വെറും ലഹരി മാത്രം. പിന്നെ മയക്കം മാത്രം. മദ്യപിച്ചു മയങ്ങാൻ പരമസുഖമാണ്. മത്സ്യമാംസാദികൾ കഴിക്കുമ്പോഴും സ്വാദു കൂടുതൽ തോന്നും. ഇങ്ങനെയുള്ള തോന്നലുകളെയാണ് ലഹരി എന്നു പറയുന്നത്. തോന്നലുകളിൽ മാത്രം നമുക്കു ജീവിക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ മദ്യപിച്ചു മാത്രം നമുക്കു ജീവിക്കാൻ കഴിയില്ല.

മദാത്യയചികിത്സ ആയുർവേദത്തിലെ ഒരു പ്രമുഖശാഖയാണ്. അമിതമായ മദ്യത്തിന്റെ ഉപയോഗം കൊണ്ടുണ്ടാകുന്ന ശരീരത്തിന്റെ ക്ഷീണവും മനോവിഭ്രാന്തിയുമാണ് മദാത്യയം. കേരളത്തിൽ മദ്യപിക്കുന്ന എല്ലാവർക്കും ഈ ചികിത്സ ലഭ്യമാക്കേണ്ടതാണ്. പുകവലിക്കാതിരിക്കുകയും 'സാലഡ് ആഹാരം' മുഖ്യമാക്കുകയും ചെയ്താൽ മദ്യത്തിന്റെ ദോഷം ഒരു പരിധിവരെ കുറയ്ക്കാം. മദ്യം ആദ്യമാദ്യം വിശ

പ്പുണ്ടാക്കുന്നതിനാൽ കൊഴുപ്പും എണ്ണയും കലർന്ന ആഹാരം പരിധിയിലധികം ഒരു മദ്യപാനി അകത്താക്കുകയും അങ്ങനെ രോഗമുണ്ടാവുകയും ചെയ്യും. മദ്യത്തിൽ പോഷകങ്ങളില്ല. മദ്യപാനം ഒരു ശീലമാവുമ്പോൾ ക്രമേണ വിശപ്പില്ലാതാവുകയും വിളർച്ച തുടങ്ങിയുള്ള രോഗങ്ങൾ ബാധിക്കുകയും ചെയ്യും. ശ്രദ്ധിച്ചില്ലെങ്കിൽ തുടക്കത്തിലും ഒടുക്കത്തിലുമെല്ലാം മദ്യം ഒരു വ്യക്തിയുടെ ആരോഗ്യം നശിപ്പിക്കും. മദ്യപാനം നിർത്തുന്ന കാര്യം പ്രയാസം തന്നെയാണെങ്കിൽ ഗുണകരമായിട്ട് ഉപയോഗിക്കാൻ ശ്രദ്ധിക്കൂ. മദ്യപിക്കുന്നവരേ, മദ്യമെന്ന മഹാസംഭവത്തിനു നിങ്ങൾ മനപ്പൂർവം ദുഷ്പ്പേരുണ്ടാക്കാതിരിക്കൂ.

തട്ടുമുട്ടുകൾകൊണ്ട് ശരീരം തളർന്നവർക്കും മറ്റു മഹാരോഗങ്ങൾ ബാധിച്ചവർക്കും ആയുർവേദവൈദ്യനായിരുന്ന എന്റെ അച്ഛൻ മുട്ടവാറ്റിൽ മദ്യംകലർത്തി നല്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. അതുപോലെതന്നെ കറുപ്പും കഞ്ചാവും ചേർന്ന ഔഷധങ്ങൾ നല്കി രോഗങ്ങളെ ഇല്ലാതാക്കുന്നതും ഞാൻ നേരിൽക്കണ്ടു. എല്ലാ വിഷങ്ങളും നേർത്ത മാത്രയിൽ മറ്റു മരുന്നുകളോടു ചേരുമ്പോൾ സ്വസ്വഭാവം മാറുമെന്നല്ല, അതിനു വീര്യം വർദ്ധിക്കുകയും ചെയ്യും. അത് ശരീരത്തിൽ വേറൊരു പ്രതിരോധശക്തി സൃഷ്ടിച്ചേക്കാം. ഒരു വ്യക്തി ജീവിക്കുന്ന സ്ഥലത്തെ കാലാവസ്ഥയും ഇതിനെ നിർണായകമായി സ്വാധീനിക്കുന്നു. മഞ്ഞുമൂടിയ ഇടങ്ങളിൽ ഉപയോഗിക്കുന്ന മദ്യത്തിന്റെ അളവ് ഉഷ്ണഭൂമികളിൽ പ്രശ്നമായിത്തീരുന്നു. ഇങ്ങനെയൊക്കെയാണ് മദ്യത്തിന്റെ വിശേഷങ്ങൾ. മദ്യം ഉപയോഗിക്കുന്നത് സ്വന്തം ശക്തി അറിഞ്ഞുവേണമെന്നുമാത്രം. ദുരുപയോഗം ഒരു ക്രിമിനൽകുറ്റം തന്നെയാണ്. മണമില്ലാത്ത മദ്യം ഇന്നും പേടിച്ചുപേടിച്ച് മദ്യപിക്കുന്നവരുടെ ഒരു സ്വപ്നമാണ്. മദ്യത്തിനെതിരെയുള്ള ശക്തമായ താക്കീതില്ലായിരുന്നെങ്കിൽ എല്ലാവരും മദ്യപിച്ച് ബഹളംവച്ച് ദിവസങ്ങൾ കഴിച്ചേനെ. കൃഷ്ണകുലത്തിൽ എല്ലാവരും മദ്യപിച്ച് ലക്കുകെട്ട് ഇരുമ്പൻപുല്ല് പുഴുത് തെറ്റുപറ്റനെ അടിച്ച് ബോധംകെട്ടു നശിക്കുന്ന രംഗം ദുഃഖപൂർണമാണ്. ഈ ഭൂമിയാകമാനം അന്നത്തെ ഒരു ദ്വാരക ആകാതിരിക്കട്ടെ. ഞാനൊഴികെ മറ്റാരും മദ്യപിക്കുന്നതെനിക്കിഷ്ടമല്ല. കാരണം, ഞാൻ മാത്രമേ അതിനെ ആരോഗ്യപൂർണമായിട്ട് ഉപയോഗിക്കൂ. ഓരോ മദ്യപാനിയും ഇങ്ങനെ തന്നെ വിചാരിക്കും. മദ്യപിക്കുന്നവരെ കുറ്റപ്പെടുത്തുകയും എന്നാൽ സ്വയം അതുപയോഗിക്കുകയും ചെയ്യും. അതാണ് മദ്യത്തിന്റെ വികൃതി.